(ഡി) ഇതിന്റെ ഭാഗമായി പോലീസ് സ്റ്റേഷനുകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ ശാസ്ത്രീയ കുറ്റാന്വേഷണ രീതികൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കുറ്റകൃത്യങ്ങളിൽ ശാസ്ത്രീയ കുറ്റാന്വേഷണ രീതിയാണ് നടപ്പാക്കിവരുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) രജിസ്റ്റർ ചെയ്യപ്പെടുന്ന സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിലേക്ക് ഒരു സൈബർ പോലീസ് സ്റ്റേഷന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമെ പോലീസ് ആസ്ഥാനത്ത് സൈബർ ക്രൈം സംബന്ധമായ പരാതികൾ അന്വേഷിക്കുന്നതിനും സൈബർ പോലീസ് സ്റ്റേഷന് സാങ്കേതിക സഹായം നൽകുന്നതിനുമായി ഒരു ഹൈടെക് സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ജില്ലകളിൽ ജില്ലാ/സിറ്റി പോലീസ് ആസ്ഥാനത്തോടനുബന്ധിച്ച് സൈബർ സെല്ലുകൾ പ്രവർത്തിച്ചുവരുന്നു.

ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഡി.എൻ.എ. ലാബ്, സൈബർ ഫോറൻസിക് വിഭാഗം എന്നിവ സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഫോറൻസിക് സയൻസ് ലാബിൽ അത്യാധുനിക ഉപകരണങ്ങൾ ലഭ്യമാക്കുകയും കണ്ണൂരും, തൃശ്ശൂരും ഓരോ റീജിയണൽ ലാബുകൾ സ്ഥാപിക്കുകയും 24 പുതിയ തസ്തികകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ഫിംഗർ പ്രിന്റ് ബ്യൂറോ ആസ്ഥാനത്ത് ഒരു വിരലടയാള വിശകലന സംവിധാനം ഏർപ്പെടുത്തുകയും ആധുനിക ശാസ്ത്രീയ ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ശാസ്ത്രീയ അന്വേഷണത്തിന് സഹായകമാകുന്ന ഉപകരണങ്ങളടങ്ങുന്ന ഇൻവെസ്റ്റിഗേഷൻ കിറ്റ് എല്ലാ പോലീസ് സ്റ്റേഷനുകളിലും സർക്കിൾ ഓഫീസുകളിലും വിതരണം ചെയ്തിട്ടുണ്ട്. ആയവ കുറ്റാന്വേഷണത്തിനായി ഉപയോഗിച്ചുവരുന്നുണ്ട്.

ഫോറൻസിക് ലാബുകളുടെ കുറവ് നികത്താൻ നടപടി

14 (5920) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫോറൻസിക് ലാബുകളുടെ അപര്യാപ്തതമൂലം കുറ്റകൃത്യങ്ങളിൽ തീർപ്പുകൽപ്പിക്കുന്നത് വൈകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, ഇതു പരിഹരിക്കുന്നതിനു സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് ബ്രെയിൻ ഫിംഗർ പ്രിന്റ് ടെസ്റ്റിനുള്ള സൗകര്യം നിലവിലുണ്ടോ ;

(ഡി) ഇല്ലെങ്കിൽ, ഇതിനു സൗകര്യമൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കണ്ണൂരും തൃശ്ശൂരും ഓരോ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഫോറൻസിക് ലാബിൽ 24 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കുറ്റകൃത്യങ്ങൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിനായി കൂടുതൽ ആധുനിക ഉപകരണങ്ങൾ വാങ്ങുകയും അവ കേസുകളുടെ പരിശോധനയ്ക്ക് ഉപയോഗിക്കുകയും ചെയ്യുന്നു.

(സി) നിലവിലില്ല.

(ഡി) ഇക്കാര്യം പരിഗണനയിലാണ്.

ട്രാഫിക് നിയമലംഘനവുമായി ബന്ധപ്പെട്ട പെറ്റിക്കേസ്സുകളിൽ നിന്നുള്ള വരുമാനം

15 (5922) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാഫിക് നിയമലംഘനവുമായി ബന്ധപ്പെട്ട പെറ്റിക്കേസ്സുകൾക്ക് ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ടോ ; എങ്കിൽ ഓരോ പോലീസ് സ്റ്റേഷനും അവ എത്ര വീതമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത കേസുകളിൽ നിന്നായി ലഭിച്ച തുകയുടെ വാർഷികാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ട്രാഫിക് നിയമലംഘനവുമായി ബന്ധപ്പെട്ട പെറ്റിക്കേസ്സുകൾക്ക് ടാർജറ്റ് നിശ്ചയിച്ചു നൽകിയിട്ടില്ല.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

പോലീസ് അസോസിയേഷൻ പ്രവർത്തനങ്ങൾ

16 (5923) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് അസോസിയേഷൻ തിരുവനന്തപുരം ജില്ലാ സമ്മേളനത്തിൽ കയ്യാങ്കളി നടന്നതായ വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly